# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :887** **29.09.2016 ൽ മറുപടിയ്ക്ക്**

**ദേവികുളം താലൂക്കിലെ പട്ടയ വിതരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ പട്ടയം നൽകിയിട്ട് എത്ര വർഷമായെന്നും എത്ര പട്ടയം നൽകിയിട്ടുണ്ടെന്നും, പുതിയ പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 25.08.2015 ലാണ് അവസാനമായി പട്ടയം നൽകിയിട്ടുള്ളത്. ഇതുവരെ 16189 പട്ടയം നൽകിയിട്ടുണ്ട്. പുതിയ പട്ടയം നൽകുന്നതിനുള്ള നടപടികളിൽ തീരുമാനം എടുത്തിട്ടില്ല. |
| (ബി) | ഇടുക്കി ജില്ലയിൽ ഇതുവരെ നൽകിയിട്ടുള്ള പട്ടയങ്ങളുടെ എണ്ണം വ്യക്തമാക്കാമോ; 2011 മുതൽ 2016 വരെ എത്ര പട്ടയം നൽകിയെന്ന് വ്യക്തമാക്കാമോ; | ഇടുക്കി ജില്ലയിൽ ഇതുവരെ 54302 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. 2011 മുതൽ 2016 വരെ 36840 പട്ടയം നൽകിയിട്ടുണ്ട്. |
| (സി) | പട്ടയങ്ങളിൽ നിലവിൽ സാധുവായതിന്റെയും നശിപ്പിക്കപ്പെട്ടതിന്റെയും എണ്ണം വ്യക്തമാക്കാമോ; | 246 പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുള്ളതാണ്. സാധൂകരണം ആർ.ഡി.ഒ മുഖാന്തിരം നടന്നു വരുന്നു. |
| (ഡി) | ദേവികുളം താലൂക്കിൽ എത്ര കോളനികളിൽ പട്ടയം നൽകിയിട്ടുണ്ട്; | 27 കോളനികളിൽ പട്ടയം നൽകിയിട്ടുണ്ട്. |
| (ഇ) | ദേവികുളം താലൂക്കിലെ കോളനികളിൽ പട്ടയ നടപടി പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോയെന്നും എത്ര കോളനികളിൽ പട്ടയം നൽകാനുണ്ടെന്നും വ്യക്തമാക്കാമോ? | നടപടി പൂർത്തീകരിക്കപ്പെട്ടിട്ടില്ല. 15 കോളനികളിൽ പൂർണ്ണമായും 27 കോളനികളിൽ ഭാഗികമായും പട്ടയം നൽകുവാനുണ്ട്. |

**സെക്ഷൻ ഓഫീസർ**